**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** — **01-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ 6.5 ഏക്കർ സ്ഥലവും മൂന്ന് നില കെട്ടിടവും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രത്തിന് വേണ്ടി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | **ആരോഗ്യ വകുപ്പിന് കീഴിലുള്ള ചേവായൂർ ത്വക്ക് രോഗ ആശുപത്രിയിൽ ലഭ്യമായ സ്ഥലത്ത് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിതു കഴിയുന്നതുവരെ താല്കാലികമായി മാവൂർ കാൻസർ സെന്റർ കെട്ടിടം ഉപയോഗിക്കാനാകുമോ എന്ന് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.**<br><br>**02.12.2022 ലെ സ.ഉ (കൈ) നം. 254/2022/ ആ.കു.വ പ്രകാരം കോഴിക്കോട്ട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ & റിസർച്ച്, പുതുച്ചേരിയിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം പ്രൊഫസറായ ഡോ.ബിജു പൊറ്റക്കാട്ടിനെ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | കോഴിക്കോട് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രം പ്രാവർത്തികമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | **ആരോഗ്യ വകുപ്പിന് കീഴിലുള്ള ചേവായൂർ ത്വക്ക് രോഗ ആശുപത്രിയിൽ ലഭ്യമായ സ്ഥലത്ത് അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിതു കഴിയുന്നതുവരെ താല്കാലികമായി മാവൂർ കാൻസർ സെന്റർ കെട്ടിടം ഉപയോഗിക്കാനാകുമോ എന്ന് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.**<br><br>**02.12.2022 ലെ സ.ഉ (കൈ) നം. 254/2022/ ആ.കു.വ പ്രകാരം കോഴിക്കോട്ട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ & റിസർച്ച്, പുതുച്ചേരിയിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം പ്രൊഫസറായ ഡോ.ബിജു പൊറ്റക്കാട്ടിനെ,** |

| | | | |
|---|---|---|---|
| | | | **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ